(ബി) അസിസ്റ്റന്റ് എൻജിനീയർ റ്റു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ പ്രൊമോഷൻ 3:1 എന്ന് ഭേദഗതി വരുത്തുന്നതിന്റെ വകുപ്പുതല നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിലേക്കുള്ള പ്രൊമോഷനുവേണ്ടി ഡയറക്ട് റിക്രൂട്ട്സിന്റെയും ഡിപ്ലോമക്കാരുടെയും അനുപാതം 3:1 എന്ന് നിഷ്കർഷിച്ചുകൊണ്ട് പുറപ്പെടുവിച്ച ബന്ധപ്പെട്ട വിശേഷാൽ ചട്ടത്തിന്റെ ഭേദഗതി ചട്ടം 28-10-2014-ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ TA 228/14[WP(C) 24284/2009]-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം റദ്ദ് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഇപ്രകാരം 3:1 എന്ന അനുപാതത്തിൽ വീണ്ടും സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നകാര്യം പരിഗണിക്കുവാൻ കഴിയുകയില്ല.

മട്ടന്നൂർ നിയോജകമണ്ഡലം എം.എൽ.എ.-യുടെ 2014-15 വർഷത്തെ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

238 (4281) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലം എം.എൽ.എ.-യുടെ 2014-15 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിലേക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിലേക്ക് 7-1-2015-ലെ കത്തിലൂടെ ഏതു പ്രവൃത്തികളുടെ നിർദ്ദേശങ്ങളാണ് എൽ.എസ്.ജി.ഡി. വിഭാഗം ചീഫ്എഞ്ചിനീയർക്കും എൽ.എസ്.ജി.ഡി. വിഭാഗം കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിർദ്ദേശങ്ങളിൽ ഏതു നിർദ്ദേശങ്ങൾക്കുള്ള എസ്റ്റിമേറ്റുകൾ ഇതിനോടകം എൽ.എസ്.ജി.ഡി. വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ സമർപ്പിച്ചുവെന്നും ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച കത്തിന്റെ നമ്പരും തീയതിയും സഹിതം വ്യക്തമാക്കുമോ ;

(സി) 7-1-2015-ന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയും എൽ.എസ്.ജി.ഡി. വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ബ്ലോക്ക്തലത്തിലുള്ള എൽ.എസ്.ജി.ഡി. എഞ്ചിനീയർമാർക്കു നിർദ്ദേശം നൽകിയിട്ടും ഇനിയും എസ്റ്റിമേറ്റ് സമർപ്പിക്കാത്ത കാര്യാലയങ്ങൾ ഏതെല്ലാമാണെന്നും ഏതു പ്രവൃത്തികളുടെ എസ്റ്റിമേറ്റാണ് ഇനിയും സമർപ്പിക്കുവാനുള്ളതെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എസ്റ്റിമേറ്റുകൾ സമർപ്പിക്കുവാൻ കാലതാമസം നേരിടുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ബാലപീഡന കേസ്സുകൾ

239 (T4282) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 ഏപ്രിൽ മുതൽ 2014-15 മാർച്ച് വരെയുള്ള കാലത്ത് സംസ്ഥാനത്ത് എത്ര ബാലപീഡന കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര കേസ്സുകളിൽ വിചാരണ പൂർത്തീകരിച്ച് ശിക്ഷ നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) ഈ കാലയളവിൽ സർക്കാർ വിദ്യാലയങ്ങളിൽ നടന്ന പീഡന കേസ്സുകളിൽ എത്ര ജീവനക്കാർ ശിക്ഷാ നടപടിക്ക് വിധേയമായിട്ടുണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) വർദ്ധിച്ചുവരുന്ന ഇത്തരം ബാലപീഡന കേസ്സുകളിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 2011-12 ഏപ്രിൽ മുതൽ 2014-15 മാർച്ച് വരെയുള്ള കാലത്ത് 6919 ബാലപീഡന കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 139 കേസ്സുകളിൽ വിചാരണ പൂർത്തിയാക്കി ശിക്ഷ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഈ കാലയളവിൽ സർക്കാർ വിദ്യാലയങ്ങളിൽ നടന്ന ബാലപീഡന കേസ്സുകളിൽ തിരുവനന്തപുരം റൂറൽ -1, കോഴിക്കോട് സിറ്റി -1, കണ്ണൂർ -1 എന്നിങ്ങനെ ആകെ മൂന്ന് ജീവനക്കാർ ശിക്ഷാ നടപടിക്ക് വിധേയമായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാനത്ത് ബാലപീഡനങ്ങൾ തടയാനായി 'ബാലസുരക്ഷ' എന്ന പേരിൽ ഒരു പ്രോട്ടോകോൾ തയ്യാറാക്കി പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. ലൈംഗിക തിക്രമങ്ങളിൽനിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനായി നിലവിൽവന്ന POCSO ആക്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly